**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **18-09-2025 - ൽ മറുപടിയ്ക്ക്**

**ശുദ്ധജലം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ ശുദ്ധജലം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | ഹില്ലി അക്വ കുപ്പിവെള്ളം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുവാൻ താലൂക്കടിസ്ഥാനത്തിലാണ് വിതരണം നടത്തി വരുന്നത്. കൂടാതെ സുജലം പദ്ധതി പ്രകാരം സംസ്ഥാനത്തെ റേഷൻ കടകൾ വഴിയും കൺസ്യൂമർ ഫെഡും അനുബന്ധ സ്ഥാപനങ്ങൾ വഴിയും ജയിലിലെ ഫ്രീഡം ഫുഡ് ഔട്ട് ലെറ്റിലൂടെയും **KTDC** കമ്പനി നേരിട്ട് നടത്തുന്ന ഔട്ട് ലെറ്റ് വഴിയും ഫ്രാഞ്ചൈസി സ്റ്റോറുകൾ വഴിയും കുപ്പിവെള്ളം വിതരണം ചെയ്തു വരുന്നു.<br><br>ഇതോടൊപ്പം തന്നെ **Railway, KSRTC, Swift** ബസുകൾ വഴിയും ഹില്ലി അക്വ കുപ്പിവെള്ളം നല്ല രീതിയിൽ വിതരണം നടത്തി വരുന്നു. കൂടാതെ എറണാകുളം ജില്ലയിലെ ആലുവയിലും കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിലും ഇടുക്കി ജില്ലയിലെ കട്ടപ്പനയിലും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ